# മെയ്ദിനം

# തൊഴിലാളി പോരാട്ടത്തിന്റെ വിജയദിനം

**ആർ. ചന്ദ്രശേഖരൻ**
INTUC സംസ്ഥാന പ്രസിഡന്റ്

1886 മെയ് 3 ന് അമേരിക്കയിൽ ചിക്കാഗോ പട്ടണത്തിലെ മർക്കോമിക്ക് ഹാർവെസ്റ്റിംഗ് കമ്പനിക്ക് മുമ്പിൽ വെടിയുണ്ടകളുടെ ശബ്ദം മുഴങ്ങി. മേയ് 1 മുതൽ തൊഴിലാളികൾ നടത്തി വന്ന പണിമുടക്കിനെ തകർക്കാനുള്ള ഈ പോലീസ് വെടിവെയ്പ്പിൽ 2 തൊഴിലാളികൾ കൊല്ലപ്പെട്ടു. യാതൊരു പ്രകോപനവും കൂടാതെ നടന്ന ആക്രമണത്തിൽ ചിതറിയോടിയ നിരവധി പേർക്ക് പരിക്കേറ്റു. സംഘർഷഭരിത പ്രക്ഷോഭത്തിന്റെ തുടക്കമായി പണിമുടക്ക് മാറി.

1861 ൽ ആരംഭിച്ച് നാല് വർഷങ്ങൾ നീണ്ട ആഭ്യന്തര യുദ്ധത്തിന് ശേഷം 1865 ൽ നിയമം മൂലം അമേരിക്കയിൽ അടിമത്വം നിരോധിക്കപ്പെട്ടിരുന്നു എങ്കിലും അതംഗീകരിക്കാൻ തൊഴിലുടമകൾ തയ്യാറായിരുന്നില്ല. 16 മണിക്കൂർ വരെ വിശ്രമമില്ലാതെ അടിമകൾക്ക് സമാനമായി പണിയെടുക്കേണ്ടി വന്ന തൊഴിലാളികൾ ജോലി സമയം 8 മണിക്കൂറായി നിജപ്പെടുത്തണമെന്ന ആവശ്യവും ആയി അമേരിക്കയിലും, കാനഡയിലും നടത്തിയ ദേശീയ പണിമുടക്കിന്റെ ഭാഗമായിരുന്നു ഹാർവെസ്റ്റിംഗ് കമ്പനിയിലെ പണിമുടക്ക്. 1886 മെയ് 1 മുതൽ 8 മണിക്കൂർ മാത്രമെ ജോലി ചെയ്യൂ എന്ന് 1884 ൽ പരസ്യമായി പ്രഖ്യാപിച്ച് ഒന്നരവർഷത്തിന് ശേഷമാണ് പണിമുടക്കിന് തൊഴിലാളികൾ തയ്യാറായത്. ഈ പണിമുടക്കിനെയാണ് പോലീസും, തൊഴിലുടമകളുടെ ഗുണ്ടകളും ചേർന്ന് വെടിവെയ്പും, സംഘർഷവും സൃഷ്ടിച്ച് പരാജയപ്പെടുത്താൻ ശ്രമിച്ചത്.

ഇതിനെതിരെ സ്വാഭാവികമായ പ്രതിഷേധ യോഗം പിറ്റേദിവസം മെയ് 4 ന് പട്ടണത്തിന് നടുവിലെ ഹെയ് മാർക്കറ്റ് സ്ക്വയറിൽ നടന്നു. രാത്രി വരെ തുടർന്ന പ്രതിഷേധ മുദ്രാവാക്യം വിളികളും, പ്രസംഗങ്ങളും സമാധാനപരമായിരുന്നു. അരണ്ട വെളിച്ചത്തിന്റെ മറവിൽ തൊഴിലുടമകളുടെ ഗുണ്ടകൾ എറിഞ്ഞ ബോംബ് പൊട്ടിയും, അതിന് പിന്നാലെ പോലീസ് നടത്തിയ വെടിവെയ്പ്പിലും 4 തൊഴിലാളികളും, 7 പോലീസ്കാരും കൊല്ലപ്പെട്ടു. നൂറുകണക്കിന് പേർ ജീവൻ നഷ്ടപ്പെടും വിധം ഗുരുതരാവസ്ഥയിലുമായി.

അമേരിക്കയിലേയും, കാനഡയിലേയും ലക്ഷക്കണക്കിന് തൊഴിലാളികൾ പങ്കെടുത്ത പണിമുടക്കിന്റെ സമരകേന്ദ്രം ചിക്കാഗോ ആയിരുന്നതിനാൽ നേതാക്കളെല്ലാം അവിടെ നിലയുറപ്പിച്ചിരുന്നു. അതുകൊണ്ട് വളരെ ബോധപൂർവ്വം ഗൂഢാലോചനയിലൂടെയാണ് വെടിവെയ്പ്പിനും, ബോംബേറിനും തൊഴിലുടമകൾ ഈ സമരവേദി തിരഞ്ഞെടുത്തത്.

സംഘർഷത്തിന് തൊട്ടുപിന്നാലെ നിരോധനാജ്ഞ നിലവിൽവന്നു. പണിമുടക്കും, സമരങ്ങളും പൂർണ്ണമായി നിരോധിച്ചു. നേതാക്കളുടെയും, തൊഴിലാളികളുടെയും വീടുകളിൽ വ്യാപക റെയ്ഡുകൾ നടന്നു. നേതാക്കളെ കൂട്ടത്തോടെ കൊലക്കുറ്റം ചാർത്തി തുറങ്കിലിടച്ചു. ഇതോടെ സമരവും, പണിമുടക്കും മുന്നോട്ടുകൊണ്ടു പോകാൻ കഴിയാതെ സ്വാഭാവിക അന്ത്യത്തിലായി.

തൊഴിലുടമകളുടെയും, ഭരണകൂടത്തിന്റെയും സമ്മർദ്ദത്താൽ അറസ്റ്റ് ചെയ്യപ്പെട്ടവരുടെ കോടതി വിചാരണ നടപടികൾ ധൃതഗതിയിൽ നടന്നു. പണിമുടക്കിന് നേതൃത്വം നൽകിയ 7 നേതാക്കളെ തൂക്കിക്കൊല്ലാൻ വിധിയുണ്ടായി. സുപ്രീംകോടതിയിൽ അപ്പീൽ സമർപ്പിച്ചെങ്കിലും രണ്ടുപേരുടെ ശിക്ഷ ജീവപര്യന്തമാക്കി മാറ്റി എന്നതൊഴിച്ചാൽ വിധിയിൽ മറ്റൊരു മാറ്റവും ഉണ്ടായില്ല. ഇതിന് പിന്നാലെ ആഗസ്റ്റ് സ്പെയിസ്, അഡോൾഫ് ഫിഷർ, ആൽബർട്ട് പാഴ്സൺ, ജോർജ്ജ് എയ്ഞ്ചൽ എന്നീ 4 സമര നേതാക്കളെ 1887 നവംബർ 11 ന് പരസ്യമായി തൂക്കിലേറ്റി വധിച്ചു. ലൂയിസ് ലിംഗ് എന്ന ധീരൻ തന്നെ വധിക്കാനുള്ള അവകാശം ആർക്കും വിട്ടുകൊടുക്കില്ല എന്ന് പ്രഖ്യാപിച്ച് നവംബർ 10 ന് ജയിലറയ്ക്കുള്ളിൽ ആത്മഹത്യ ചെയ്ത് തന്റെ അന്ത്യനിമിഷത്തിലും പോരാട്ട വീര്യം പ്രകടമാക്കി. ജീവപര്യന്തം ശിക്ഷിക്കപ്പെട്ട മൈക്കിൾ സ്ക്വാബ്, സാമുവേൽ ഫീൽഡൻ എന്നിവർ ദീർഘനാളത്തെ ജയിൽ വാസത്തിനിടയിൽ മരണം വരിച്ചു.



**1887 നവംബർ 11 ന് തൊഴിലാളി നേതാക്കളെ തൂക്കിലേറ്റി വധിക്കുന്നു.**



**തൂക്കിലേറ്റിയവരെ അടക്കം ചെയ്ത ചിക്കാഗോയിലെ ഫോറസ്റ്റ് പാർക്ക് സെമിത്തേരിയിലെ സ്മാരകം**

"ഇന്ന് നിങ്ങൾ അവസാനിപ്പിക്കുന്ന ഞങ്ങളുടെ ശ്വാസോച്ഛ്വാസത്തേക്കാൾ ഞങ്ങളുടെ നിശബ്ദത വൻ ശക്തിയായി വരുന്ന ഒരുദിവസം വരും". തൂക്കുകയർ കഴുത്തിൽ അണിയിച്ചപ്പോൾ തൊഴിലാളി നേതാക്കൾ അവസാനമായി പറഞ്ഞ ഈ വാക്കുകൾ തൊഴിലെടുത്ത് ജീവിക്കുന്ന ഏതൊരു തൊഴിലാളിയ്ക്കും ഇന്നും ആവേശമാണ്. രക്തസാക്ഷികളായ ഇവർ ഏതെങ്കിലും രാഷ്ട്രീയ കക്ഷികളിൽപ്പെട്ടവർ ആയിരുന്നില്ല. മറിച്ച് പണിയെടുത്ത് ജീവിച്ചിരുന്ന സാധാരണ തൊഴിലാളികളായിരുന്നു എന്ന തിരിച്ചറിവ് ഈ സംഭവത്തിന്റെ ഗൗരവം വർദ്ധിപ്പിക്കാനിടയാക്കി.

1886 ലെ മെയ് ദിന പ്രക്ഷോഭത്തിന് പിന്നാലെ അതിന്റെ ഓർമ്മ പുതുക്കി തൊട്ടടുത്ത വർഷം 1887 മുതൽ ഈ സംഭവം കേട്ടറിഞ്ഞ മറ്റ് രാജ്യങ്ങളിലെ തൊഴിലാളികൾ മെയ് 1 തൊഴിലാളി ദിനമായി ആചരിച്ചു തുടങ്ങി. അമേരിക്ക ഉൾപ്പെടുന്ന ഐക്യരാഷ്ട്രസഭയും, ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷനും (ഐ.എൽ.ഒ) മെയ് 1 തൊഴിലാളി ദിനമായി ഇന്നും അംഗീകരിച്ചിട്ടില്ല. അതിന് അമേരിക്ക സമ്മതിക്കുകയില്ല. കാരണം തൊഴിലാളി പ്രക്ഷോഭത്തിന്റെയും, രക്തസാക്ഷിത്വത്തിന്റെയും സ്മരണകൾ തലമുറകളിലൂടെ ഓർമ്മിക്കപ്പെടുന്നത് രാജ്യത്ത് കൂടുതൽ പ്രക്ഷോഭങ്ങൾക്ക് ഇടയാക്കും എന്ന് ഭരണകൂടം

ഭയന്നിരുന്നു. അതിനാൽ 1887 മുതൽ എല്ലാവർഷവും സെപ്റ്റംബറിലെ ആദ്യ തിങ്കളാഴ്ച തൊഴിലാളി ദിനമായി ആഘോഷിക്കാൻ അന്നത്തെ അമേരിക്കൻ പ്രസിഡന്റ് "ഗ്രോവെർ ക്ലെവെലന്റ്" ഉത്തരവിട്ടു. അതിനാൽ അമേരിക്കയിലും, കാനഡയിലും ഇന്നും സെപ്റ്റംബറിലാണ് തൊഴിലാളി ദിനം.

## മെയ്ദിന പ്രക്ഷോഭവും കമ്മ്യൂണിസ്റ്റ് പാർട്ടിയും

മെയ് ദിനവുമായി ബന്ധപ്പെട്ട് കമ്മ്യൂണിസ്റ്റ് ആശയക്കാരും അവരുടെ ട്രേഡ് യൂണിയനുകളും നിരവധി അവകാശവാദങ്ങൾ പ്രചരിപ്പിക്കുന്നുണ്ടെങ്കിലും അതിൽ യാതൊരടിസ്ഥാനവും ഇല്ല. 1901 ൽ സ്ഥാപിതമായ അമേരിക്കൻ സോഷ്യലിസ്റ്റ് പാർട്ടിയിലെ പിളർപ്പിനെ തുടർന്ന് 1919 ൽ ആണ് അമേരിക്കൻ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകൃതമാകുന്നത്. 1886 ൽ മെയ്ദിന പ്രക്ഷോഭം നടക്കുമ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയോ കമ്മ്യൂണിസ്റ്റ് തൊഴിലാളി സംഘടനയോ ചിക്കാഗോയിൽ ഇല്ലായിരുന്നു. 1917-ൽ മാത്രം സ്ഥാപിതമായ ലോകത്തെ ആദ്യ കമ്മ്യൂണിസ്റ്റ് പാർട്ടിയായ റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്കും, 1919 ൽ മാത്രം സ്ഥാപിതമായ അന്തർദേശീയ കമ്മ്യൂണിസത്തിനും, 1921-ൽ സ്ഥാപിതമായ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കും, 1921 ൽ സ്ഥാപിതമായ കനേഡിയൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്കും, 1925-ൽ മാത്രം സ്ഥാപിതമായ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്കും, 1886 ൽ നടന്ന മെയ്ദിന തൊഴിലാളി പ്രക്ഷോഭത്തിൽ യാതൊരു പങ്കും ഇല്ലായിരുന്നു എന്ന വസ്തുത പ്രത്യേകം എടുത്ത് പറയേണ്ടതില്ല. മെയ്ദിന പ്രക്ഷോഭം പണിയെടുക്കുന്നവന്റെ വേദനയിൽ നിന്നും ഉയർന്ന ഹൃദയം തുടിക്കുന്ന ജീവിത സമരമായിരുന്നു.

8 മണിക്കൂർ ജോലി എന്ന തത്വം ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ അംഗീകരിച്ചപ്പോൾ അമേരിക്ക എതിർത്തില്ല. എന്നുമാത്രമല്ല അതിനെ ശക്തിയായി പിന്തുണച്ച് തങ്ങളുടെ രാജ്യത്ത് കൃത്യമായി നടപ്പിലാക്കി. ഒന്നാം ലോകമഹായുദ്ധത്തിന് ശേഷം 1919 ൽ രൂപീകരിക്കപ്പെട്ട ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ പ്രഥമയോഗമാണ് ഈ തീരുമാനം എടുത്തത്. മെയ്ദിന പ്രക്ഷോഭവുമായി ബന്ധപ്പെട്ട് തൂക്കിലേറ്റപ്പെട്ടവർ രക്തസാക്ഷിത്വം വരിച്ച് 32 വർഷം പിന്നിട്ടപ്പോൾ അവർ കഴുമരത്തിൽ നിന്നുകൊണ്ട് ഹൃദയസ്പർശിയായി പറഞ്ഞ വാക്കുകൾ അങ്ങനെ അന്വർത്ഥമായി.

## ആദ്യം പണിമുടക്കിയത് ഇന്ത്യൻ തൊഴിലാളികൾ

അമേരിക്കയിൽ 8 മണിക്കൂർ ജോലിക്കായി നടന്ന പണിമുടക്കിന് 24 വർഷം മുമ്പ് 1862 ൽ 8 മണിക്കൂർ ജോലി എന്ന ആവശ്യം ഉന്നയിച്ച് കൽക്കത്തയിലെ ഹൗറയിൽ ഇന്ത്യൻ റെയിൽവെ തൊഴിലാളികൾ ശക്തമായ പണിമുടക്ക് ബ്രിട്ടീഷ് ഭരണക്കൂടത്തിനെതിരെ നടത്തിയിരുന്നു. ഇതേ 8 മണിക്കൂർ ആവശ്യം ഉന്നയിച്ച് 1870 ൽ കൽക്കത്തയിലെ വിവിധ മേഖലകളിലെ തൊഴിലാളികളും 1870 ലും 1875 ലും ബോംബെയിലെ തൊഴിലാളികളും 1887 ൽ നാഗ്പൂരിലെ തൊഴിലാളികളും അതിശക്തമായ പണിമുടക്കുകൾ ഇന്ത്യയിൽ നടത്തിയിരുന്നു. എന്നാൽ ഈ സമരങ്ങൾ ചരിത്രത്തിന്റെ ഭാഗമാകാതെ തമസ്കരിക്കപ്പെട്ട് 1886 ലെ ചിക്കാഗോ സമരം ഓർമ്മിക്കപ്പെടുവാൻ കാരണം സമരത്തിന് നേതൃത്വം കൊടുത്ത നേതാക്കളെ പരസ്യമായി തൂക്കിലേറ്റി വധിച്ചതാണ്.

1886 ലെ മെയ്ദിന സംഭവങ്ങൾ ലോകമെമ്പാടുമുള്ള തൊഴിലാളികളിൽ ചർച്ചാവിഷയമായതോടു കൂടി തൊഴിലാളി ഐക്യത്തിന്റെ ആവശ്യകത പൊതുവിൽ ബോദ്ധ്യമായി. ഇതിന്റെ അലയടികൾ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന ഇന്ത്യയിലും രൂപപ്പെട്ടു. ഇരുപതാം ശതകത്തിന്റെ ആദ്യം ഒറ്റപ്പെട്ട പല യൂണിയനുകളും

ഇവിടെ ആരംഭിച്ചു എങ്കിലും അതിനെയെല്ലാം മുതലാളിമാരും, ഭരണകൂടവും ഒരുമിച്ച് അടിച്ചൊതുക്കി.

1769 ലെ ലോക വ്യവസായ വിപ്ലവ തുടക്കവും 1773 ലെ ബോസ്റ്റൺ ടീ പാർട്ടി സമരത്തിലൂടെ അമേരിക്കൻ തൊഴിലാളികൾ തുടക്കമിട്ട പ്രക്ഷോഭവും സ്വാതന്ത്ര്യ സമര വിജയവും, 1830 ൽ ജോൺ ഡോഹെർട്ടിയുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട ഇംഗ്ലണ്ടിലെ ദേശീയ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളും, 1857 ലെ അമേരിക്കൻ തയ്യൽ സ്ത്രീ തൊഴിലാളി പ്രക്ഷോഭവും, നാല് വർഷത്തെ ആഭ്യന്തരയുദ്ധത്തിന് ശേഷം നേടിയ 1865 ലെ അമേരിക്കൻ അടിമത്വനിരോധനവും, 1886 ലെ മെയ്ദിന പ്രക്ഷോഭവും ഇന്ത്യയിൽ കേട്ടറിഞ്ഞ കാര്യങ്ങളാണ്. ഇത് ഗാന്ധിജി അടക്കമുള്ള നേതാക്കളെ തൊഴിലാളിപ്രക്ഷോഭത്തിന്റെ ആവശ്യകതയിലേക്ക് നയിച്ചു. ബീഹാറിലെ നീലം കർഷകതൊഴിലാളികളുടെ തൊഴിൽ ജീവിത വിഷയങ്ങളിൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ 1917 ൽ ആരംഭിച്ച തൊഴിലാളി മുന്നേറ്റം തുണിമില്ലുകളിലേയ്ക്കും, തോട്ടം വ്യവസായങ്ങളിലേയ്ക്കും വ്യാപിച്ചു. 1920 ൽ ദേശീയ ട്രേഡ് യൂണിയൻ രാജ്യത്ത് രൂപീകരിച്ചപ്പോൾ അതിന്റെ നേതാക്കളായി ലാലാ ലജ്പത് റായിയും, പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും, സർദ്ദാർ വല്ലഭ ഭായി പട്ടേലും, സുഭാഷ് ചന്ദ്രബോസും, അനസൂയ സാരാഭായിയും ഉൾപ്പെടുന്ന നേതാക്കൾ രംഗത്ത് വന്ന് തൊഴിലാളി സംരക്ഷണം ഏറ്റെടുത്ത് പോരാട്ടങ്ങൾക്ക് നേതൃത്വം നൽകി.

സ്വതന്ത്ര ഇൻഡ്യയിൽ തൊഴിലാളികളുടെ ജീവിതസാഹചര്യങ്ങൾ മനസ്സിലാക്കിയിരുന്ന നേതാക്കൾ ഭരണത്തിൽ എത്തിയപ്പോൾ നിരവധി തൊഴിലാളി സംരക്ഷണ നിയമങ്ങൾ രൂപീകരിച്ച് നടപ്പിലാക്കി. രാജ്യത്തിന് തനതായ ഇറക്കുമതി വ്യവസായ, സാമ്പത്തിക, കാർഷിക തൊഴിൽ നയങ്ങൾ ഉണ്ടായി. മറ്റൊരു രാജ്യത്തിനും അടിമപ്പെടാതെ പല കാര്യങ്ങളിലും സ്വയംപര്യാപ്തതയിൽ ഇൻഡ്യ നേട്ടങ്ങൾ കൈവരിച്ചു. വ്യക്തമായ നിയമ സംരക്ഷണത്തിന് കീഴിൽ തൊഴിലാളികൾക്ക് അന്തസ്സായും, അഭിമാനത്തോടെയും ജോലി ചെയ്യാൻ സാഹചര്യം ഉണ്ടായി.

ലോകം എന്നും സമ്പന്നരുടെയും, അതിസമ്പന്നരായ കോർപ്പറേറ്റുകളുടെയും അധീനതയിലാണ്. എല്ലാ ഭരണകൂടങ്ങളും ഇവരുടെ പക്ഷത്താണ്. അമേരിക്കൻ സാമ്പത്തിക വിദഗ്ദ്ധൻ ആഡം സ്മിത്തിന്റെ സാമ്പത്തിക ഭാവനകളാണ് ഇവരെ നയിക്കുന്നത്. ഭരണകൂടം തങ്ങളുടെ രാജ്യസംരക്ഷണ പ്രതിരോധത്തിലും, ക്രമസമാധാനപാലനത്തിലും, നീതിന്യായ നടപടികളിലും, നികുതി പിരിവിലും, പശ്ചാത്തല സൗകര്യ വികസനത്തിലും മാത്രം ശ്രദ്ധിക്കുക. മറ്റ് എല്ലാ കാര്യങ്ങളും വിപണിക്കും സമൂഹത്തിനുമായി വിട്ടുകൊടുക്കുക. ഇതാണ് ആഡം സ്മിത്ത് തന്റെ വെൽത്ത് ഓഫ് നേഷൻസ് എന്ന വിഖ്യാതമായ സാമ്പത്തിക ശാസ്ത്ര രചനയിലൂടെ മുന്നോട്ടു വച്ചിട്ടുള്ള ആശയം. ഇൻഡ്യയുടെ 3 ഇരട്ടി വലിപ്പവും, അഞ്ചിൽ ഒന്ന് ജനങ്ങളും, 240 വർഷത്തെ ജനാധിപത്യഭരണ പാരമ്പര്യവും, വലിയ ശാസ്ത്ര സാങ്കേതിക പുരോഗതിയും ഉള്ള അമേരിക്കയ്ക്ക് ഈ നയങ്ങൾ ഗുണകരമാണ്. എന്നാൽ അമേരിക്കയുടെ മൂന്നിലൊന്ന് വലിപ്പവും, സാമ്പത്തിക-വ്യവസായ-വാണിജ്യ-സാങ്കേതിക രംഗങ്ങളിൽ പിന്നോക്കം നിൽക്കുന്ന ലോകജനസംഖ്യയിൽ രണ്ടാം സ്ഥാനത്തുള്ള ഇന്ത്യയ്ക്ക് ആഡം സ്മിത്തിന്റെ ഈ സാമ്പത്തികശാസ്ത്രം ചേരുകയില്ല. ഇത് മനസ്സിലാക്കിയ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഈ സാമ്പത്തിക ശാസ്ത്രത്തിന്റെ പരീക്ഷണശാലയാക്കുവാൻ രാജ്യത്തെ അനുവദിച്ചില്ല. അതിന് പകരം ഫാബിയൻ സോഷ്യലിസത്തെ (സമ്മിശ്രസമ്പത്ത് വ്യവസ്ഥ) അദ്ദേഹം തിരഞ്ഞെടുത്തു.

തൊഴിലാളി ചൂഷണം അവസാനിപ്പിക്കുന്നതിലും തൊഴിലാളി ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിലും നെഹ്റു മുൻഗണന നൽകി. 1947 സ്വാതന്ത്ര്യം ലഭിച്ച രാജ്യത്ത് അതേ വർഷം തൊഴിൽതർക്ക നിയമവും, തൊട്ടടുത്ത വർഷം 1948 ൽ ജോലി സമയം 8 മണിക്കൂറായി നിജപ്പെടുത്തിയുള്ള വ്യവസ്ഥകൾ ഉൾപ്പെടുന്ന ഫാക്ടറീസ് നിയമവും ഇതേ വർഷം തന്നെ മിനിമം വേതന നിയമവും, ഇ.എസ്.ഐ, നിയമവും അദ്ദേഹം നടപ്പിലാക്കി. 1951 ൽ പ്ലാന്റേഷൻ തൊഴിൽ നിയമവും, 1952 ൽ പ്രൊവിഡന്റ് ഫണ്ട് നിയമവും ഉൾപ്പെടെയുള്ള അടിസ്ഥാന തൊഴിലാളി സംരക്ഷണ നിയമങ്ങൾ നെഹ്റുവിന്റെ സോഷ്യലിസ്റ്റ് നയത്തിന്റെ സംഭാവനയാണ്.

ഇന്ത്യയുടെ സാമ്പത്തിക ഭരണഘടനയെന്ന് സ്വദേശ - വിദേശ സാമ്പത്തിക വിദഗ്ധർ ഒന്നടങ്കം വിശേഷിപ്പിച്ച 1956 ലെ നെഹ്റുവിന്റെ വ്യവസായ നയം വളരെ വ്യക്തവും ശക്തവും ദീർഘവീക്ഷണത്തിൽ അധിഷ്ടിതവുമായിരുന്നു. ഇതുമൂലം രാജ്യം കാർഷിക, വ്യവസായ, വാണിജ്യ, വിദ്യാഭ്യാസ, സാങ്കേതിക, ഗവേഷണ രംഗങ്ങളിൽ കുതിച്ച് ഉയർന്ന് പലതിലും സ്വയംപര്യാപ്തതയിലെത്തി. സമ്പത്ത് വ്യക്തികളിലും, സ്ഥാപനങ്ങളിലും അമിതമായി കേന്ദ്രീകരിക്കപ്പെടുന്നത് നിയന്ത്രിച്ചു. ആഭ്യന്തര ഉല്പാദനത്തെ ബന്ധപ്പെടുത്തി മാത്രം ഇറക്കുമതി അനുവദിച്ചു. ആഭ്യന്തര ഉല്പാദനത്തിലും രാജ്യപുരോഗതിയിലും മുഖ്യപങ്ക് തൊഴിലാളികളുടെതാണെന്ന തിരിച്ചറിവിൽ അവരെ സംരക്ഷിക്കാനുള്ള നിരവധി നിയമനിർമ്മാണങ്ങൾക്ക് രൂപം നൽകി. തൊഴിൽ സ്ഥിരതയുടെയും, ആത്മാഭിമാനത്തിന്റെയും അടയാളങ്ങളായി തൊഴിൽമേഖല മാറി. 18 വർഷത്തെ ഈ ഭരണത്തിന് പിന്നാലെ അധികാരത്തിൽ വന്ന ഇന്ദിരാഗാന്ധിയും ഇതേ നയങ്ങൾ 16 വർഷം അതിശക്തിയായി തുടർന്നു. ഈ കാലയളവിൽ വളരെ സങ്കീർണ്ണമായ ജാതി-മത-വർഗ്ഗീയതയിൽ അധിഷ്ഠിതമായിരുന്ന ഇൻഡ്യ കൈവരിച്ച നേട്ടങ്ങൾ ഐക്യരാഷ്ട്രസഭയിലും, കോമൺവെൽത്തിലും, ചേരി ചേരാ രാഷ്ട്ര സമ്മേളനങ്ങളിലും, മറ്റ് അന്തർദേശീയ ഉച്ചകോടികളിലും പ്രശംസിക്കപ്പെട്ടു.

ഈ നേട്ടങ്ങളെ അമേരിക്ക ഒരിക്കലും അംഗീകരിച്ചിരുന്നില്ല. കാരണം ജനസംഖ്യയിൽ ലോകത്ത് രണ്ടാം സ്ഥാനത്തുള്ള ഇൻഡ്യയിൽ തങ്ങളുടെ വാണിജ്യ താല്പര്യങ്ങൾ ഉറപ്പിക്കാൻ കഴിയുന്നില്ല എന്നതായിരുന്നു അവരുടെ എക്കാലത്തെയും പരാതി. അതിന് തടസ്സം നിൽക്കുന്നത് നെഹ്റുവിന്റെയും, ഇന്ദിരാഗാന്ധിയുടെയും സാമ്പത്തിക നയങ്ങളാണെന്ന് അവർ കണ്ടെത്തി. അതിനെ അട്ടിമറിക്കാൻ സാമ്പത്തിക ഉപരോധം അടിച്ചേൽപ്പിച്ചും, ചൈന പാക്കിസ്ഥാൻ യുദ്ധങ്ങളുടെ പോർവിളികൾ മുഴക്കിയും അവർ പല ശ്രമങ്ങളും നടത്തി. അവിടെയെല്ലാം അവർ പരാജയപ്പെട്ടു. കാരണം ഇൻഡ്യൻ ഭരണകൂടം അതിശക്തമായിരുന്നു.

എന്നാൽ 1990 ൽ രാഷ്ട്രീയ ഭരണ നേതൃത്വം ദുർബലമായപ്പോൾ ബാലൻസ് ഓഫ് പെയ്മെന്റ് വിഷയം ഉയർത്തി വിദേശ ശക്തികൾ ഇൻഡ്യയെ ഭീഷണിപ്പെടുത്തി. അമേരിക്കൻ താൽപര്യ സംരക്ഷകരായ IMF ഉം, വേൾഡ് ബാങ്കും ഓടിയെത്തി. ഇൻഡ്യൻ കരുതൽ സ്വർണ്ണശേഖരം പണയം വയ്ക്കാനും, സാമ്പത്തിക നയങ്ങളിൽ വ്യതിയാനം വരുത്തുമെന്ന് ഉറപ്പ് കൊടുക്കാനും അവർ ശഠിച്ചു. ഇതിനെ അംഗീകരിച്ച ഭരണകൂടം അമേരിക്കയ്ക്ക് മുന്നിൽ കീഴടങ്ങി. ഇത് മറ്റൊരു രൂപത്തിൽ 1978 ൽ ചൈനയിലും, 1985 ൽ സോവിയറ്റ് യൂണിയനിലും പരീക്ഷിച്ച് വിജയിച്ചതിന് ശേഷം അവസാനമാണ് ഇൻഡ്യയിലേക്ക് വന്നത്. 1991 ൽ മുൻനയങ്ങളിൽ നിന്നുമാറി ഇൻഡ്യയിൽ അമേരിക്കൻ നയങ്ങൾക്ക് അനുസൃതമായ ആഗോള-ഉദാര-സ്വകാര്യ വൽക്കരണത്തിന് തുടക്കമായി.

വികസനവും, സമഗ്രവികസനവും ഉയർത്തി മാലിന്യ സംസ്കരണവും, കുടിവെള്ളവും മുതൽ രാജ്യത്തിന്റെ ബഡ്ജറ്റ് വരെ തയ്യാറാക്കുവാൻ നിർദ്ദേശങ്ങൾ നൽകുന്നത് IMF ഉം, വേൾഡ് ബാങ്കുമായി മാറി. ഫലമോ, 1991 ൽ ഒരു ലിറ്റർ പെട്രോളിന് 15 രൂപയായിരുന്നത് ഇന്ന് 110 രൂപയായി ഉയർന്നിരിക്കുന്നു. മരുന്നുകളുടെയും, നിത്യോപയോഗ സാധനങ്ങളുടെയും വിലക്കയറ്റം വിവരിക്കാനാവാത്തതാണ്. വിലനിയന്ത്രണ നിയമങ്ങൾ എടുത്തുകളയപ്പെട്ടു. ക്രെഡിറ്റ് കാർഡ്-വ്യക്തിഗത-വിദ്യാഭ്യാസ-വാഹന-ഭവന വായ്പകളിലൂടെ ജനങ്ങൾ വ്യാപക കടക്കെണിയിലായി. പൊതുമേഖലാ ബാങ്കുകളുടെ കുടിശിഖ പിരിക്കുന്നത് കോർപ്പറേറ്റ് ഗുണ്ടകളുടെ ഭീഷണിയിലായിരിക്കുന്നു. പൊതുസേവനങ്ങൾക്കെല്ലാം സേവനചുങ്കം ചുമത്തി സൂക്ഷ്മ കൊള്ളയടി നടത്തുന്നു. സബ്സിഡികളെല്ലാം നിർത്തൽ ചെയ്തും, പൊതുവിതരണ സമ്പ്രദായം തകർത്തും ഉള്ള നടപടികൾ ഉണ്ടായിരിക്കുന്നു. 10 മഹാരത്ന, 14 നവരത്ന, 97 മിനിരത്ന കമ്പനികൾ ഉൾപ്പടെ 292 ഓളം പൊതുമേഖലകളെല്ലാം സ്വകാര്യ കോർപ്പറേറ്റുകൾക്ക് വിൽക്കുന്നു. ഖനന മേഖലകൾ, റെയിൽവെ, വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, റോഡുകൾ, ഗവേഷണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ മേഖലകൾ എല്ലാം പാട്ടത്തിനോ വിൽപ്പനയ്ക്കോ ഇന്ന് വച്ചിരിക്കുന്നു. അംഗീകൃത സാമ്പത്തിക ചൂതാട്ടമായ ഷെയർ മാർക്കറ്റിന്റെ പ്രവർത്തനങ്ങൾ യാതൊരു നിയന്ത്രണങ്ങളും കൂടാതെ നടത്താൻ അനുവദിച്ചത് മൂലം പണം നഷ്ടപ്പെട്ട സാധാരണക്കാർ ആത്മഹത്യയിലേയ്ക്ക് നയിക്കപ്പെടുന്നു.

യാതൊരു നിയന്ത്രണവും ഇല്ലാത്ത ഇറക്കുമതി റബ്ബർ, തേയില ഉൾപ്പെടെയുള്ള തോട്ടം ഉല്പന്നങ്ങളുടെയും എല്ലാതരം കാർഷിക വിളകളുടെ വിപണിയെയും ഉല്പാദനത്തെയും ഗുരുതരപ്രതിസന്ധിയിലാക്കി. ഭക്ഷ്യവസ്തുക്കൾ, മരുന്നുകൾ, ഗ്രഹോപകരണങ്ങൾ, കെട്ടിടനിർമ്മാണ വസ്തുക്കൾ, ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, വാർത്താവിനിമയ ഉപകരണങ്ങൾ, സായുധസേന ഉല്പന്നങ്ങൾ തുടങ്ങി എല്ലാ ഇനം വസ്തുക്കളുടെയും അനിയന്ത്രിത ഇറക്കുമതി രാജ്യത്തെ തനത് ചെറുകിട-വൻകിട വ്യവസായങ്ങളെ തകർത്തു. വൻകിട മാളുകളുടെ വരവ് ചെറുകിട വ്യാപാരമേഖലയെ പ്രതിസന്ധിയിലെത്തിച്ചു.

ലോകത്തിന് തന്നെ മാതൃകയായ തൊഴിലാളി സാമൂഹ്യസുരക്ഷാ പദ്ധതികൾ ഉൾക്കൊള്ളുന്ന 29 തൊഴിലാളി സംരക്ഷണ നിയമങ്ങൾ റദ്ദ് ചെയ്ത് കോർപ്പറേറ്റുകൾക്ക് ചൂഷണവഴിയൊരുക്കാൻ പാകത്തിൽ 4 തൊഴിൽ കോഡുകൾ നടപ്പിലാക്കുന്നു. തൊഴിലാളി പാർലമെന്റ് എന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്ന ഇൻഡ്യൻ ലേബർ കോൺഫറൻസിനെ വിസ്മൃതിയിലാക്കി. ജോലി സ്ഥിരതയില്ലാതെ ഹയർ ആന്റ് ഫയർ സിസ്റ്റത്തിന് തൊഴിലാളികളെ വിധേയരാക്കുന്നു. ജീവിക്കാനാവശ്യമായ വേതനം (ലിവിംഗ് വേജ്) നൽകിയിരിക്കണമെന്ന് ഭരണഘടനയിലെ ആർട്ടിക്കിൾ 43 ൽ പ്രതിപാതിച്ചിരിക്കുന്ന രാജ്യത്ത് മിനിമം വേതനം പോലും നൽകാതെ തറവേതനം നൽകിയാൽ മതിയെന്ന് ഭരണകൂടം നിർദ്ദേശിക്കുന്നു. തുല്ല്യ ജോലിക്ക് തുല്ല്യവേതനമെന്ന സുപ്രീംകോടതി വിധി പോലും ലംഘിക്കുന്നു. ലേ ഓഫും, ലോക്കൗട്ടും, അടച്ചുപൂട്ടലും നിർബാധം നടത്താമെന്ന നിലവന്നു. തൊഴിലാളി സാമൂഹ്യസുരക്ഷാ പദ്ധതികളെല്ലാം ദുർബലമാക്കി. ചുരുക്കത്തിൽ മെയ്ദിന പ്രക്ഷോഭകാലഘട്ടത്തിലെ അടിമത്വത്തിന് സമാനമായ ആധുനിക അടിമത്വത്തിലാണ് ഇൻഡ്യൻ തൊഴിലാളികൾ ഇന്ന്.

ഇതിന് പുറമെയാണ് ഇടി വെട്ടിയവനെ പാമ്പ് കടിച്ചു എന്ന പഴഞ്ചൊല്ലിനെ ഓർമ്മിപ്പിക്കും വിധം ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെയും, ക്രിപ്റ്റോ കറൻസിയുടെയും വരവ്.

ജനസംഖ്യയിൽ കേവലം 33 കോടിയുള്ള അമേരിക്കയും, 6 കോടിയുള്ള ബ്രിട്ടണും, 7 കോടിയുള്ള ഫ്രാൻസിനും, 12 കോടിയുള്ള ജപ്പാനും ഇതൊക്കെ ഉൾക്കൊള്ളുവാൻ കഴിഞ്ഞാലും 143 കോടി ജനങ്ങൾ ഉള്ള ഇൻഡ്യയ്ക്ക് ഒരിക്കലും ഇത് ഗുണകരമാകില്ല. പിരിച്ചുവിടലും, തൊഴിലില്ലായ്മയും, ദാരിദ്ര്യവും രൂക്ഷമാകും. നിലവിൽ പല വൻകിട സ്ഥാപനങ്ങളിലും നടക്കുന്ന പിരിച്ചുവിടലുകൾ ഇതിന്റെ സൂചനകളും, അടയാളങ്ങളും ആണ്.

ചുരുക്കത്തിൽ അമേരിക്കൻ സാമ്പത്തികനയത്തിന്റെയും, IMF ന്റെയും, ലോകബാങ്കിന്റെയും ഉപദേശ നിർദ്ദേശങ്ങൾക്കനുസരിച്ച് വികസനകുതിപ്പ് തുടരുന്നു എന്ന് ഭരണകൂടം അവകാശപ്പെടുമ്പോൾ രാജ്യം 187 ലക്ഷം കോടിയുടെയും, സംസ്ഥാനം 4 ലക്ഷം കോടിയുടെയും കടബാദ്ധ്യതയിൽപ്പെട്ടിരിക്കുന്നു എന്ന ഗുരുതര സാമ്പത്തിക സ്ഥിതി വിസ്മരിക്കപ്പെടുന്നതിന്റെ പ്രത്യാഘാതം അതിഭീകരമായിരിക്കും. നെഹ്റുവിന്റെ ഫാബിയൻ സോഷ്യലിസത്തിലൂടെ മാത്രമേ രാജ്യത്തെയും, ജനങ്ങളെയും രക്ഷിക്കാൻ കഴിയൂ. ഈ തിരിച്ചറിവ് ഭരണകൂടങ്ങൾക്ക് ഉണ്ടാകണം.

ഈ സ്ഥിതി നേരിടാൻ ജാതി-മത വർഗ്ഗീയ ചിന്തകളും, അഴിമതിയും ഇല്ലാതെ അദ്ധ്വാനത്തിന്റെ പ്രതിഫലം കൊണ്ടുമാത്രം ജീവിക്കുന്ന തൊഴിലാളികളുടെ ഐക്യത്തിൽ കഴിഞ്ഞകാല മെയ്ദിന പ്രക്ഷോഭത്തിന് സമാനമായ രീതിയിൽ ആശയ സമ്പുഷ്ടമായ പോരാട്ടത്തിന് ഈ തൊഴിലാളിദിനത്തിൽ പ്രതിജ്ഞയെടുക്കാം. അതായിരിക്കട്ടെ ഇന്നത്തെ മെയ്ദിന ചിന്തകളും, സന്ദേശങ്ങളും.

************